# സാഹിത്യകേദാരം


SAHITHYA KEDARAM MALAYALAM, HALF YEARLY

Vol. No. 01 Issue No. 02, FEBRUARY 2023 TO JULY 2023

Annual Subscription Rs. 500/-




## മലയാളം റിസേർച്ച് ജേണൽ


മലയാളവിഭാഗം

ഗവൺമെന്റ് കോളേജ് നെടുമങ്ങാട്

ഫെബ്രുവരി, 2023 - ജൂലൈ, 2023 വാല്യം 1 ലക്കം 2

## ഉള്ളടക്കം


1. പുനരാഖ്യാനത്തിന്റെ രാഷ്ട്രീയം 9
ഡോ. ജിസാജോസ്
2. ശിവകുമാർ കഥ പറയുമ്പോൾ 18
ഡോ. ജയകുമാർ എസ്. എസ്.
3. അന്ധത എന്ന സങ്കല്പനം സമകാലിക മലയാള ചെറുകഥയിൽ - ഒരു മനശ്ശാസ്ത്ര വിശകലനം 24
ഡോ. മഞ്ജു വി. മധു
4. ചരിത്രത്തിന്റെ ബഹുസ്വരതയും ദേശസങ്കല്പവും 30
ഡോ. ലിജി. എൻ
5. വിമർശനവും വിദ്യാപീഠങ്ങളും 38
ഡോ. തോമസ് സ്കറിയ
6. കാലവും ഭാവനാലോകവും 42
ഡോ. ജൈനിമോൾ കെ. വി.
7. മനുഷ്യാലയചന്ദ്രികയിലെ അന്തഃസംഘർഷങ്ങൾ 51
ടെജി കെ. തോമസ്
8. ദത്താപഹാരം - പാരിസ്ഥിതിക ദർശനവും ആത്മീയബോധവും 58
സലീന. എസ്
9. ഖനിജം: കയ്യൂർ സമരചരിത്രത്തിന്റെ സാഹിതീയ ഉറവകൾ 63
ഡോ. സ്വപ്ന ആന്റണി
10. ഗിരി - ആഖ്യാനസൗന്ദര്യശാസ്ത്രദൃഷ്ടിയിൽ 70
ഡോ. ബീന. കെ
11. കുന്നുകൾ, നക്ഷത്രങ്ങൾ - ആഖ്യാനവിജ്ഞാനപരമായ പഠനം 80
ഡോ. വീണാഗോപാൽ വി. പി.
12. ഹയവദനയുടെ സൗന്ദര്യവാങ്മയങ്ങൾ 85
ഡോ. വന്ദന ബി
13. വിഭക്തമനോനിലയുടെ വിഹ്വലസഞ്ചാരങ്ങൾ 93
ഡോ. മേഴ്സി. കെ. വി.
14. 'കറുത്തകുപ്പായക്കാരി'യിലെ ദളിത് സ്വത്വാഖ്യാനങ്ങൾ 102
ഡോ. അശ്വതി ജെ. എസ്.
15. ശകലീകൃതസ്ത്രീത്വം - സന്നിവേശസിദ്ധാന്തത്തിന്റെ പിൻബലത്തോടെയുള്ള വായന 115
ഡോ. ജുബിൻ മറ്റപ്പള്ളിൽ
16. രാഷ്ട്രബോധവും തക്ഷൻകുന്ന് സ്വരൂപവും 123
ഡോ. സിസ്റ്റർ മിനിമോൾ മാത്യു
17. സാഹിത്യം: എഴുത്തും വായനയും, സാഹിത്യചരിത്രരചനയിലെ നൂതന സാധ്യതകൾ 134
രശ്മി. ടി. എൻ.

# കാലവും ഭാവനാലോകവും

**ഡോ. ജൈനിമോൾ കെ.വി.**
അസി. പ്രൊഫസർ, സി.എസ്.എസ്. കോളേജ്, മാടായി

**പ്രബന്ധസംഗ്രഹം**

മറ്റ് സാഹിത്യവിഭാഗങ്ങളെ അപേക്ഷിച്ച് ബാലസാഹിത്യത്തിന്റെ പരിണാമം മന്ദഗതിയിലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ബാല്യം ഒരു നിർണായകഘട്ടമാണെന്ന ആശയം വേരൂന്നുന്നത്. കുട്ടികൾക്ക് ഭാവനയെ ഉത്തേജിപ്പിക്കാനും വ്യക്തിത്വം കെട്ടിപ്പടുക്കാനും സഹായിക്കുന്ന. അവരുടെ പ്രായത്തിന് അനുയോജ്യമായ ഒരു സാഹിത്യത്തിലേക്ക് പ്രവേശനം ഉണ്ടായിരിക്കുക എന്നത് മറ്റു മൗലികാവകാശങ്ങൾ പോലെ പ്രധാനമാണ്. അതുവഴി അവരുടെ സാംസ്കാരികവളർച്ചയെയും പരിസ്ഥിതിബോധത്തെയും ശക്തിപ്പെടുത്താനും സാധിക്കേണ്ടതുണ്ട്. കുട്ടികളുടെ വൈകാരികവും ഭാഷാപരവും ഭൗതികവുമായ തലങ്ങളിൽ കാതലായ മാറ്റം കൊണ്ടുവരുവാൻ ബാലസാഹിത്യത്തിന് കഴിയുന്നു. കഥകൾ കുട്ടികളുടെ യഥാർത്ഥ പ്രശ്നങ്ങളുമായി പൊരുത്തപ്പെടുന്ന സാങ്കൽപികസാഹചര്യങ്ങൾ പുനർനിർമ്മിക്കുന്നു.ഇതിലൂടെ പ്രതികൂല സാഹചര്യങ്ങളിൽ സുരക്ഷിതത്വം അനുഭവിക്കാനും വൈകാരികസുരക്ഷ ഉറപ്പാക്കാനും ജീവിതത്തിലെ സമ്മർദ്ദങ്ങളെ നേരിടാനും അവർ പ്രാപ്തി നേടുന്നു. നന്മയുള്ള കഥാപാത്രങ്ങളിലൂടെ നല്ല സ്വഭാവരീതികളും ക്രിയാത്മക മാതൃകകളും ഉണ്ടാകുന്നു. നവീന ആഖ്യാന മാതൃക എന്ന നിലയിൽ എൻ.പ്രഭാകരന്റെ ബാലസാഹിത്യനോവലായ മാനസ് എന്ന സഞ്ചാരിയെ പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** ബാലസാഹിത്യം, ഓർമ്മ, കാലം, കാല്പനികത, ഭാവന

പുരാതനകാലം മുതൽ പുരാണങ്ങൾ, ഐതിഹ്യങ്ങൾ, കെട്ടുകഥകൾ, യക്ഷിക്കഥകൾ എന്നിവ ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാൻ മനുഷ്യരെ സഹായിച്ചിട്ടുണ്ട്.